റോഡുകൾ ഏറ്റെടുക്കുന്ന കോൺട്രാക്ടർ സ്വന്തമായി ഉണ്ടാക്കണം എന്നുള്ളതണ്. അദ്ദേഹം പോയി സോയിൽ ടെസ്റ്റ് നടത്തണം. ഡിപ്പാർട്ടമെന്റ് നടത്തുന്ന സോയിൽ ടെസ്റ്റും അദ്ദേഹം നടത്തുന്ന സോയിൽ ടെസ്റ്റും ഒരുപോലെ വരണം. അങ്ങനെയൊക്കെയുള്ള നല്ല നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇതൊന്നും അറിയാതെ ടെന്റർ എടുക്കുന്ന ചില കോൺട്രാക്ടർമാർക്ക് കാര്യങ്ങൾ അറിയില്ല. അതുകൊണ്ട് ചില സ്ഥലങ്ങളിൽ ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. ആദ്യമായതുകൊണ്ട് അങ്ങനെയുള്ള പ്രശ്നങ്ങൾ വന്നതാണ്. ഈ പ്രശനങ്ങൾ പ്രത്യേകമായി പഠിച്ച് കാര്യങ്ങൾ കൂടുതൽ വേഗതയിലാക്കാനും സമയബന്ധിതിമായി ഈ പരിപാടികൾ പൂർത്തിയാക്കാനുമായി ഗവൺമെന്റ് പ്രത്യേകമായിട്ട് ശ്രമിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽ പറഞ്ഞ വർക്ക് ഒരു പാക്കേജിൽ ആറ് വർക്കുകളാണുള്ളത്. അത് ഇവിടെ പറഞ്ഞതുപോലെ നേരത്തെ തീരേണ്ടതായിരുന്നു. പക്ഷെ തീർന്നില്ല. ഈ ഏപ്രിൽ, മേയ് മാസത്തിനുള്ളിൽ തീരത്തക്കവണ്ണം ശക്തമായ നടപടികൾ സ്വീകരിക്കും. അതിനുവേണ്ടി പ്രത്യേകമായ ചർച്ചയും ക്രമീകരിച്ചിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ: സമയബന്ധിതമായി ഈ റോഡുകളുടെ പണി പൂർത്തിയാക്കുമെന്നുള്ള മന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. അടിയന്തിരമായ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

(2) സുനാമി ദുരന്തം ബാധിച്ച മേഖലകളിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ടി. കെ. ദേവകുമാർ: ആദ്യമായി അങ്ങയോട് ഒരു പരാതി അറിയിക്കുവാനാണ് ആഗ്രഹിക്കുന്നത്. നിയമസഭാ സാമാജികർ സഭയിൽ രേഖാമൂലം എഴുതിക്കൊടുത്ത് ആരോപണം ഉന്നയിച്ചാൽ സഭയിൽ നിഷേധിക്കുകയും അത് കോടതിയിൽ കൊണ്ടുവന്നാൽ ജുഡീഷ്യൽ അന്വേഷണം നടത്താമെന്ന് പറയുകയും ചെയ്യുന്ന സർക്കാരിന്റെ സമീപനം ഈ വക കാര്യങ്ങളൊക്കെ ശ്രദ്ധയിൽ കൊണ്ടുവരാൻ കോടതിയെ സമീപിക്കാൻ നിർബന്ധിതമാക്കുന്നു എന്ന സത്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

മി. സ്പീക്കർ: ഇത് ശ്രദ്ധക്ഷണിക്കലാണ്.

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങയുടെ ശ്രദ്ധയെ ആദ്യം ഞാൻ ക്ഷണിക്കുകയാണ്. അംഗങ്ങളുടെ അവകാശം സംരക്ഷിക്കാൻ ബാധ്യസ്ഥനായ ചെയർ ഇത് ഒന്ന് ശ്രദ്ധിക്കണം. ഞാനും കോടതിയിൽ പോകാൻ പോകുകയാണ്. കാരണം ചില കാര്യങ്ങൾ സർക്കാരിൽനിന്ന് കിട്ടാൻ കോടതിയിൽ പോകേണ്ടിവരുന്നു. ഞാനിവിടെ സുനാമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽകൊണ്ടുവരാൻ ശ്രമിച്ചത് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ടാകുമെന്ന് പ്രതീക്ഷിച്ചു. അദ്ദേഹം ബഹുമാനപ്പെട്ട മാണിസാറിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കാര്യങ്ങൾ നിർവ്വഹിക്കാൻ ചുമതലയുള്ളയാളെന്ന നിലയിൽ വ്യക്തമായ മറുപടി പ്രതീക്ഷിക്കുന്നു. അന്ന് ചർച്ച ചെയ്തപ്പോൾ നൽകിയ മറുപടി ശരിയല്ലായിരുന്നു. ഞാൻ അങ്ങയോട് ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നു. കഴിഞ്ഞ മാസം ഇരുപതാം തീയതി മന്ത്രി ശ്രീ. കെ. സി. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർവ്വ കക്ഷി യോഗത്തിൽ ഞാൻ പങ്കെടുത്തില്ല. ആ യോഗത്തിൽ എടുത്ത തീരുമാനം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമെങ്കിൽ അങ്ങേക്ക് ഒരു കാര്യം ബോധ്യപ്പെടും. ആശുപത്രിയിൽ കിടന്നവർക്ക് കൊടുക്കാമെന്ന് പറഞ്ഞ അയ്യായിരം രൂപ പരാതി പരിഹരിച്ച് ഇതുവരെ കൊടുത്തിട്ടില്ല. ആയിരം രൂപ വരെ ക്യാമ്പിൽ കിട്ടേണ്ടവർക്ക് പരാതി പരിഹരിച്ച് കൊടുക്കുമെന്ന് മുഖ്യമന്ത്രി ഫ്ളോറിൽ ഉറപ്പ് നൽകിയതാണ്. ഇതുവരെ കൊടുത്തിട്ടില്ല. 20-ാം തീയതിയിലെ മിനിട്സ് പരിശോധിച്ചാൽ കാണാം. അതുപോലെ ഫുള്ളി ഡാമേജ്ഡായിട്ടുള്ള വീടിന്റേയും പാർഷ്യലി ഡാമേജ്ഡായിട്ടുള്ള വീടിന്റേയും ലിസ്റ്റ് ഇപ്പോഴും പൂർണ്ണമായിട്ടില്ല. വ്യാപാരി വ്യവസായികളുടെ കണക്കുകൾ തിട്ടപ്പെടുത്താൻ ഇതുവരെ ആരും അവിടെ പോയിട്ടില്ല. ആർ.ഡി.ഒ. യേയും, സെയിൽ ടാക്സ് ഓഫീസറേയും അതുപോലെ തന്നെ തഹസീൽദാരേയും അവിടെ പോയി ഇക്കാര്യങ്ങൾ തിട്ടപ്പെടുത്താൻ 20-ാം തീയതിയിലെ യോഗത്തിൽ ചുമതലപ്പെടുത്തിയതാണ്. ഇതുവരേയും പോയിട്ടില്ല. അതുപോലെ ഇതുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ഇനിയും നടക്കാൻ കിടക്കുന്നു. കമ്മിറ്റി അംഗീകരിച്ച മിനിട്സ് എന്റെ കയ്യിൽ ഇരിക്കുകയാണ്. ഇതു സംബന്ധിച്ച് ഇത്രയുമാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്. ആറാട്ടുപുഴ എന്ന പ്രദേശത്തെ സാമ്പിളായി എടുത്തുകൊണ്ട് ഈ പ്രശ്നം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തു തന്നു. മുഖ്യമന്ത്രിയുടെ തീരുമാനം കൊണ്ടുകൊടുത്തപ്പോൾ തന്നെ അംഗീകാരം നൽകുമെന്ന് പറഞ്ഞു. സുനാമി ബാധിത പ്രദേശത്തെ പഞ്ചായത്തുകളുടെ പദ്ധതി നടപ്പിലാക്കുന്നതിന് മൂന്നു മാസത്തെ കാലാവധി നീട്ടിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 5-1-2005 ൽ ഒരു അപേക്ഷ സർക്കാരിന് കൊടുത്തിട്ട് സാധിച്ചുകൊടുക്കാമെന്ന് ഉറപ്പ് നൽകിയിട്ട് ഇന്ന് ഈ ചർച്ച നടക്കുന്നതുവരെ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. പ്രശ്നം ഗൗരവമല്ലേ? സുനാമി ബാധിച്ച പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിന് മൂന്നു മാസത്തെ കാലാവധി ദീർഘിപ്പിച്ചു കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. ഉറപ്പു കൊടുത്തിട്ട് ഇന്നുവരെ നടപ്പിലാക്കിയിട്ടില്ലെന്നുള്ളത് ഗൗരവമായി കാണേണ്ടെ? ട്രഷറി നിയന്ത്രണത്തിൽനിന്ന് സുനാമി ബാധിത പ്രദേശങ്ങളിലെ പഞ്ചായത്തുകളെ ഒഴിവാക്കി കൊടുക്കണമെന്ന് 5-1-2005-ൽ ആലപ്പുഴ എം.പി.-യും ഞാനും ആറാട്ടുപുഴ പഞ്ചായത്തിന്റെ തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സമർപ്പിച്ചതാണ്. ഒരു തീരുമാനവും എടുത്തുകൊടുത്തില്ല. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് മേഖലാ വിഭജനം ഒഴിവാക്കിക്കൊടുക്കുമെന്ന് പറഞ്ഞതാണ് പക്ഷെ മേഖലാ വിഭജനം ഒഴിവാക്കിയില്ലെങ്കിലും അടിയന്തിര പ്രാധാന്യമുള്ള മേഖലയാണെങ്കിൽ സുനാമി ബാധിത പ്രദേശത്ത് ട്രഷറി നിയന്ത്രണം ഒഴിവാക്കിയാൽ വികസനപ്രവർത്തനത്തിലേക്ക് കടക്കാം. വികസന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമല്ലേ കടൽഭിത്തി നിർമ്മാണം. പുലിമുട്ടെങ്കിൽ പുലിമുട്ട്. കടൽഭിത്തിയെങ്കിൽ കടൽ ഭിത്തി. എസ്റ്റിമേറ്റെടുത്തു തന്നല്ലോ? ഫണ്ട് ഇല്ലാത്തതുകൊണ്ട് ആണോ ബന്ധപ്പെട്ട ഇറിഗേഷൻ ഡിപ്പാർട്ടുമെന്റെടുത്തു തന്ന തീരുമാനമനുസരിച്ച് ഈ മേഖലയിലെ കടൽഭിത്തി നിർമ്മാണം ആരംഭിക്കാത്തത്? ഒച്ച് ഇഴയും പോലെയാണ് കടൽഭിത്തി നിർമ്മാണം നീങ്ങിക്കൊണ്ടിരിക്കുന്നത്. മൺസൂൺ വരികയല്ലേ? എന്തുകൊണ്ട് എസ്റ്റിമേറ്റ് ടെൻഡർ ചെയ്ത് നടപ്പിലാക്കാൻ കടൽ ഭിത്തി നിർമ്മിക്കാൻ

തയ്യാറാകുന്നില്ല? പി.ഡബ്ലു.ഡി. എസ്റ്റിമേറ്റ് എടുത്തു തന്നില്ലേ? തീരദേശത്തെ തകർന്ന റോഡുകളെ സംബന്ധിച്ച് പി.ഡബ്ലു.ഡി. എടുത്തു തന്ന എസ്റ്റിമേറ്റുകൾക്ക് എന്തുകൊണ്ട് ഭരണാനുമതി കൊടുക്കുന്നില്ല? ഫണ്ടില്ലാത്തുകൊണ്ടാണോ? മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിനോട് പറയണം. ഇതാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇത് കൊണ്ടുവരാൻ കാരണം.

പി.ഡബ്ളിയു.ഡി. കുറേ വർക്കുകളുടെ എസ്റ്റിമേറ്റ് എടുത്ത് സമർപ്പിച്ചിട്ടുണ്ട്. എന്തുകൊണ്ട് ഭരണാനുമതി കൊടുക്കുന്നില്ല? അതുപോലെ പഞ്ചായത്തുകൾ ചെയ്യേണ്ട, ലോക്കൽ ബോഡീസ് ചെയ്യേണ്ട വർക്കുകളെക്കുറിച്ച് എന്തെങ്കിലുമൊരു

10.30 am] നടപടി ഇതുവരെ നീക്കിയതായി എം.എൽ.എ. എന്ന നിലയിൽ എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. റോഡുകളാകെ തകർന്നു കിടക്കുന്നു. മഴ ആരംഭിച്ചു കഴിഞ്ഞാൽ അതിന്റെ നിർമ്മാണം നടത്താൻ കഴിയുമോ? എസ്റ്റിമേറ്റ് തയ്യാറാക്കി കൊടുത്തതിന് ഭരണാനുമതി കൊടുത്തുകൊണ്ട് അതിന്റെ വർക്ക് ടെൻഡർ ചെയ്ത് അടിയന്തിരമായി നീക്കാൻ തയ്യാറാകണ്ടേ? മാർച്ച് മാസം ആയില്ലേ? 50 ലക്ഷം രൂപയുടെ കുടിവെള്ളത്തിന്റെ പദ്ധതി അങ്ങ് പ്രഖ്യാപിച്ചല്ലോ. അതിനുശേഷം എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? പൈപ്പ്ലൈൻ ഇട്ടുകൊടുക്കാൻ എസ്റ്റിമേറ്റ് തന്നിരിക്കുന്നു. ട്യൂബ് വെല്ലുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തന്നിരിക്കുന്നു. എന്തുകൊണ്ട് ഭരണാനുമതി കൊടുത്ത് ഈ വർക്കുകൾ ടെൻഡർ ചെയ്ത് നടപ്പിലാക്കുന്നില്ല എന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റ് മറുപടി പറയാൻ തയ്യാറാകണ്ടേ? പി.എച്ച്.സി.-യിൽ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത് കിടത്തി ചികിത്സ ആരംഭിച്ചു എന്നാണ്. സത്യമാണ്, അതിന് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് കൊടുത്തു, പി.ഡബ്ളിയു.ഡി. ബിൽഡിംഗ്സ് വിഭാഗം. ആ എസ്റ്റിമേറ്റ് എവിടെയായി എന്ന് അന്വേഷിക്കണ്ടേ? ഫണ്ട് ഉണ്ടല്ലോ. കിടത്തി ചികിത്സ ആരംഭിച്ചു എന്നത് അംഗീകരിച്ചുകൊണ്ടുതന്നെ പറയുന്നു, അതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് സുനാമിയുടെ ഫണ്ട് വിനിയോഗിക്കാൻ എന്താണ് സർക്കാർ തയ്യാറാകാത്തത്? ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് എസ്റ്റിമേറ്റ് എടുത്തു തന്നിട്ടില്ലേ? എന്തുകൊണ്ട് ചെയ്യുന്നില്ല? അതുപോലെ ആറാട്ടുപുഴയിലെ ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടമാണ് തകർന്നു പോയത്. അതിന്റെ അറ്റകുറ്റ പണി നടത്തി പ്രവർത്തനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു. തീരുമാനത്തിന്റെ കുഴപ്പമല്ല, അതിന്റേയും പ്രവർത്തനം നീങ്ങുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഇതേപ്പറ്റി പറയുമെന്ന് ധരിക്കുന്നു. അതുപോലെ ഗൗരവമായ ഒരു കാര്യം സൂചിപ്പിക്കട്ടെ. പാവപ്പെട്ട കച്ചവടക്കാരന് എന്തു നഷ്ടപ്പെട്ടു എന്ന് ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. എത്ര ക്രൂരമാണ്. ചായക്കടക്കാർ, ബീഡിക്കടക്കാർ, അവിടുത്തെ ഹോൾസെയിലുകാർ, ഞാൻ എഴുതിയ നിവേദനം കൈയിലുണ്ടല്ലോ. മന്ത്രിമാർക്ക് നിവേദനം കൊടുത്തു. എ.ഒ. ബ്രദേഴ്സ് എന്നു പറയുന്ന ഒരു സ്ഥാപനം, ലക്ഷക്കണക്കിന് രൂപ മുടക്കിയുള്ള ഒരു ഹോൾസെയിൽ സ്ഥാപനം. അവരുടെ രണ്ടുമുറി കോൺക്രീറ്റ് കെട്ടിടം തകർന്നുപോയി, ഒരു വെള്ളിരൂപ നഷ്ടപ്പെട്ടത് തിട്ടപ്പെടുത്താൻ ഈ സർക്കാർ ഇതുവരെ തയ്യാറായില്ല. അഭിമന്യു, ഓമനക്കുട്ടൻ എന്നീ രണ്ട് ചെറുപ്പക്കാർ ചേർന്ന് നടത്തിയ ഒരു സ്ഥാപനം പൂർണ്ണമായും ഇല്ലാതായി. അത് അവിടെ വന്ന്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുന്നതിന് ആളില്ല. ഇന്നലെ തീരുമാനം എടുത്തിരിക്കുന്നു. ഡിസംബർ 26-ാം തീയതിയുണ്ടായ സുനാമിയിൽ നഷ്ടപ്പെട്ട കച്ചവടക്കാരുടെ നഷ്ടം തിട്ടപ്പെടുത്താൻ. എത്ര ക്രൂരമാണ്. അംഗൻവാടികൾ തകർന്നു. ക്യാമ്പുകളിലാണ് ഇപ്പോൾ അംഗൻവാടികൾ നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം കൊടുത്തു. ബന്ധപ്പെട്ട വകുപ്പ് എസ്റ്റിമേറ്റ് എടുത്തുകൊടുത്തു. ആ എസ്റ്റിമേറ്റിന്റെ പുറത്ത് ബന്ധപ്പെട്ട ഡിസാസ്റ്റർ മാനേജന്റ് ഡിപ്പാർട്ടുമെന്റ് അടയിരിക്കയല്ലേ? എന്താണ് കൊടുക്കാത്തത്? അംഗൻവാടികൾ നിർമ്മിച്ചു കൊടുക്കാൻ പറഞ്ഞാൽ അനാവശ്യമാണോ? പണമില്ലാത്തതു കൊണ്ടാണോ? ഹൈസ്കൂൾ മുതൽ എൽ. പി. സ്കൂൾ വരെയുള്ളതിൽ ഈ പ്രദേശത്തെ സ്ഥിതി വ്യക്തമായി എസ്റ്റിമേറ്റ് എടുത്തുകൊടുത്തു. എന്തുചെയ്തു? ഹയർ സെക്കന്ററി സ്കൂൾ മുതൽ എൽ. പി. സ്കൂൾ വരെയുള്ള സർക്കാർ സ്കൂളുകളുടെ പുനർനിർമ്മാണം വേണ്ടേ? അതിന്റെ നിർമ്മാണത്തിന് എസ്റ്റിമേറ്റ് എടുത്തു കൊടുത്തിട്ടില്ലേ, എന്തുകൊണ്ട് ചെയ്യുന്നില്ല. ഫണ്ട് ഇല്ലാത്തതുകൊണ്ടാണോ? പറയാൻ തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഏറ്റവും അവസാനമായി റേഷൻ റീട്ടെയിൽ ഡിപ്പോകളുടെ കാര്യം. കടൽ കയറി ഒഴുകി. നഷ്ടപ്പെട്ട അരിയുടേയും പഞ്ചസാരയുടേയും ഗോതമ്പിന്റേയും മണ്ണെണ്ണയുടേയും കണക്കു സഹിതം ഞാൻ മെമ്മോറാണ്ടം കൊടുത്തു. ഒരു രൂപ അവർക്ക് കൊടുത്തോ? പിന്നെയും അവർ റേഷൻ സ്റ്റോക്ക് എടുത്തു കൊടുത്തുകൊണ്ടിരിക്കുകയാണ് നാട്ടുകാർക്ക്. റേഷൻ കടയിൽ ഇരുന്ന സ്റ്റോക്കിന്റെ കൃത്യമായ കണക്ക് എഴുതിക്കൊടുത്തു. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് വഴി റിപ്പോർട്ട് കൊടുത്തു. എന്താണ് കൊടുക്കാത്തത്? ഫണ്ട് ഇല്ലാത്തതുകൊണ്ടാണോ? അതുപോലെ തന്നെ വളരെ ഗൗരവമായി ഒരു കാര്യം പറയുന്നു. കടലിന് ഘടനാപരമായി മാറ്റം വന്നിരിക്കുന്നു. കടലിലുള്ള ഘടനാപരമായ മാറ്റം അപകടകരമായ സ്ഥിതിയാണ് കായംകുളം പൊഴിക്ക് പടിഞ്ഞാറുവശം 15 മാർ വെള്ളമുണ്ടായിരുന്ന സ്ഥലത്ത് ഇന്ന് 40-ലേറെ മാർ വെള്ളത്തിന്റെ ആഴം ഉണ്ടായിരിക്കുന്നു. 15 മാർ ആഴമുണ്ടായിരുന്ന സ്ഥലത്ത് ഇന്ന് കടലിൽ അഗാധമായ ഗർത്തമുണ്ടായിരിക്കുന്നു. കടലിൽ 15 മുതൽ 25 മാർ വരെ വെള്ളമുണ്ടായിരുന്ന സ്ഥലത്ത് ചെളി കയറി കിടക്കുകയാണ്. മൽസ്യബന്ധനത്തിന് പോയിട്ടു വന്ന പരമ്പരാഗത മൽസ്യത്തൊഴിലാളി പറയുന്നത് വല ഇടാൻ കഴിയുന്നില്ല. കടലിലുണ്ടായിരിക്കുന്ന ഘടനാപരമായ മാറ്റം മുൻകൂട്ടി ശാസ്ത്ര-സാങ്കേതിക വകുപ്പുകളുടെ സഹായത്തോടെ പഠിച്ചില്ലെങ്കിൽ വരുന്ന മൺസൂൺ കാലത്ത് മാറ്റം വന്ന കടൽ എങ്ങനെ പ്രതികരിക്കുമെന്ന് നമുക്ക് പറയാൻ കഴിയില്ല. അടിയന്തിരമായ മുൻ പരിശോധന ഉണ്ടാകണം. കടലിലുണ്ടായ മാറ്റം ഒരു ഗർത്തം ശ്രദ്ധയിൽ പെട്ടതാണ് നിങ്ങളുടെ മുന്നിൽ കൊണ്ടുവന്നത്. കായംകുളം പൊഴിക്ക് പടിഞ്ഞാറ് 15 മാർ വെള്ളമുണ്ടായിരുന്ന സ്ഥലത്ത് ഇന്ന് 40 മാർ താഴ്ച ഉണ്ടായിരിക്കുന്നു. ഇത്തരത്തിൽ എത്ര ഗർത്തങ്ങൾ ഈ തീരത്ത് ഉണ്ടായിട്ടുണ്ടെന്ന് സുനാമിയുടെ ഭാഗമായി നിങ്ങൾ പരിശോധിക്കാൻ തയ്യാറാകണം. പഠിക്കാൻ തയ്യാറാകണം. കടലിലുണ്ടായ ഘടനാപരമായ മാറ്റം മൂലം മൺസൂൺ കാലത്ത് കടൽ എങ്ങനെ പ്രതികരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിക്കാൻ കഴിയുന്നില്ലെങ്കിൽ സുനാമിയേക്കൾ വലിയ ദുരന്തമായിരിക്കും ഈ മൺസൂൺ കാലത്ത് കേരളം ദർശിക്കേണ്ടി വരുന്നത്. അതേക്കുറിച്ച് പഠനമുണ്ടാകണം. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഈ വന്ന മാറ്റം എന്താണെന്ന് പരിശോധിക്കണം

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെ തിരുവനന്തപുരത്തിനടുത്ത് വറ്റയുടെ വളരെ കൂടുതൽ മീൻപാട് ഉണ്ടായി. ചില സ്ഥലത്ത് വലയിടാൻ പറ്റുന്നില്ല. ചില സ്ഥലത്ത് അഗാധമായ ഗർത്തമുണ്ടായിരിക്കുന്നു. ചില സ്ഥലത്ത് വളരെ വ്യാപകമായി 15 മാർ മുതൽ 20 മാർ വരെ താഴ്ചയുള്ള സ്ഥലത്താണ് പരമ്പരാഗത മൽസ്യത്തൊഴിലാളി മൽസ്യ ബന്ധനം നടത്തുന്നത്. അവിടെ ചെളി ഇളകി കിടക്കുന്നതുകാരണം വലയിറക്കാൻ കഴിയുന്നില്ല. ഈ ഘടനാപരമായ മാറ്റത്തേക്കുറിച്ച് ഗൗരവമായി പരിശോധിച്ചുകൊണ്ട് മൺസൂൺ കാലത്തിനു മുമ്പായി ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകണം. ഇന്നലെയായിരുന്നു എന്റെ പ്രദേശത്തെ ആദ്യത്തെ വീടിന്റെ ഭൂമിപൂജ. ഇവിടെ മുഖ്യമന്ത്രി പറഞ്ഞു, മെയ് മാസം 31-ാം തീയതിക്കകം മുഴുവൻ വീടും വച്ചുകൊടുക്കുമെന്ന് എനിക്കു പരിചയമുള്ള ഒരു കൽപ്പണിക്കാരനെ വിളിച്ച് ഞാൻ ചോദിച്ചു, കോൺക്രീറ്റ് അടിച്ചാൽ അതിന്റെ തട്ടിളക്കാൻ എത്ര ദിവസം വേണമെന്ന്. അയാൾ പറഞ്ഞത് 20-24 ദിവസം വേണമെന്നാണ്. ഇന്നലെ ഭൂമിപൂജ നടത്തിയ സ്ഥലത്ത് മെയ് മാസം 31-ാം തീയതിക്കകം എങ്ങനെ വീടു വച്ചുകൊടുക്കും. മഴ വന്നാൽ ക്യാമ്പുകളിൽ കിടക്കുന്നവരുടെ സ്ഥിതി എന്തായിരിക്കും. എന്താണ് കാലതാമസമെന്ന് സർക്കാർ വെളിപ്പെടുത്തണം. അർഹതപ്പെട്ടവർക്ക് വീട് വച്ചുകൊടുക്കാൻ, ഭൂമി കണ്ടെത്താൻ എന്തേ കഴിയുന്നില്ല. പണമില്ലാത്തതു കൊണ്ടാണോ. അല്ല. ഈ ഗുരുതരമായ പ്രശ്നം കാണണ്ടേ? കഴിഞ്ഞ ദിവസം ഉദ്യോഗസ്ഥരുടെ സംസ്ഥാനതല യോഗം വിളിച്ചു. മുഖ്യമന്ത്രി നടത്തിയ പത്ര സമ്മേളനത്തിൽ 94 കോടി രൂപ സുനാമി പ്രവർത്തനത്തിന് വിനിയോഗിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് പ്രസ്താവനയുണ്ടായി. കടപ്പുറത്തെ ആളുകൾ ഞെട്ടി. ഇത് എവിടെ വിനിയോഗിച്ചു എന്ന് വ്യക്തമാക്കണം. സഭയിൽ ഈ രേഖ വയ്ക്കാൻ തയ്യാറാകണം. അല്ലെങ്കിൽ ഈ സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കണം. 94 കോടി രൂപ എവിടെയാണ് ചെലവഴിച്ചത്? ആറാട്ടുപുഴയുടെ തൊട്ട് അപ്പുറത്താണ് ആലപ്പാട്. അവിടെയും സ്ഥിതി ഇതിൽ നിന്നും വ്യത്യസ്തമല്ല. തകർന്നു കിടക്കുന്ന റോഡുകൾ, തകർന്നു കിടക്കുന്ന വീടുകൾ, അംഗൻവാടികൾ, ആശുപത്രികൾ ഒന്നും നടന്നിട്ടില്ല. അച്ചൻകോവിലാറ്റിൽ നിന്നും വെള്ളം കൊണ്ടുവന്ന് ശുദ്ധീകരിച്ച് കൊടുക്കുന്ന പദ്ധതി ഇപ്പോഴും പേപ്പറിൽ തന്നെയാണ്. അതുതന്നെയാണ് ഇടവനക്കാട്ടെയും സ്ഥിതിയെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കുട്ടപ്പൻ ഇവിടെ പരാതി പറഞ്ഞു. അപ്പോൾ 94 കോടി രൂപ കേരളം എവിടെ ചെലവഴിച്ചു എന്ന് സഭയുടെ മുന്നിൽ വ്യക്തമാക്കാൻ ബന്ധപ്പെട്ട മന്ത്രി തയ്യാറാകണം. മുഖ്യമന്ത്രി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നത്. ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. കഴിഞ്ഞ ദിവസം റവന്യൂ വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. കുഞ്ഞിരാമൻ പറഞ്ഞതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. അരാഷ്ട്രീയവാദികളുടെ കയ്യിലേയ്ക്ക്, തീവ്രവാദികളുടെ കയ്യിലേയ്ക്ക് കടപ്പുറത്തെ എറിഞ്ഞുകൊടുക്കാനുള്ള സ്ഥിതിയുണ്ടാകരുത് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതൊക്കെയാണ് സ്ഥിതിയെങ്കിലും അനർഹരായ ആളുകൾക്ക് കാര്യങ്ങൾ എത്തിച്ചു കൊടുക്കാനുള്ള പരിശ്രമങ്ങൾ നടക്കുന്നു എന്ന് ഞാൻ സഭയുടെ ശ്രദ്ധയിൽ

LIBRARY AR.CHIVES Kerala Legislative Assembly

കൊണ്ടുവരികയാണ്. എന്റെ മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയാങ്കര പ്രദേശത്ത് മാവേലി ഹാച്ചറി എന്നൊരു ഹാച്ചറി പ്രവർത്തിക്കുന്നുണ്ട്. ഞാൻ കഴിഞ്ഞദിവസം ആ ഹാച്ചറിയിൽ പോയി. കാരണം എനിക്കു കിട്ടിയ രേഖകളനുസരിച്ച് ഈ ഹാച്ചറിക്ക് 40 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. രേഖകൾ എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. സഭയിൽ നിഷേധിക്കാൻ തയ്യാറാവുകയല്ല വേണ്ടത് അന്വേഷിക്കാൻ തയ്യാറാകണം. അനർഹർക്ക് ഈ കാര്യങ്ങൾ എത്തിച്ചു കൊടുക്കുന്ന ഒരു കോക്കസ് പ്രവർത്തിക്കുന്നു. ആ കോക്കസിന്റെ പേരുകൂടി ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നു. ഒരു സമിതി ഉണ്ടായിട്ടുണ്ട്. ആ സമിതിയിലെ അംഗങ്ങൾ ജോയിന്റ് ഡയറക്ടർ എസ്. ഡി. രാജീവ് ഘോഷ്, 'അഡാക്ക് '-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. രാമചന്ദ്രൻ നായർ, മൽസ്യ ഫെഡിന്റെ ജനറൽ മാനേജർ ഡോ. ശോഭൻ കുമാർ, ഫിഷറീസിന്റെ ആലപ്പുഴ ഡി.ഡി. ഗീതാ രവി. ഇവരോട് ആരു പറഞ്ഞു മാവേലി എന്നു പറയുന്ന ഹാച്ചറിക്ക് 40 ലക്ഷം രൂപ വക മാറ്റി വച്ചിരിക്കുന്നു. ഹാച്ചറിയുടെ നടത്തിപ്പുകാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഒരു കല്ല് പോകാത്ത സ്ഥലത്ത്. തൃക്കുന്നപ്പുഴയിൽ ക്യാമ്പിൽ കിടക്കുന്നവർക്ക് 10 രൂപ കൊടുക്കാൻ കഴിയുന്നില്ല. കാരണം അവിടെ ക്യാമ്പ് തുടങ്ങിയത് 27-ാം തീയതി 7 മണി കഴിഞ്ഞാണ്. തൃക്കുന്നപ്പുഴയിൽ ഈ ഹാച്ചറിക്ക് 40 ലക്ഷം രൂപ അനുവദിച്ച ഉദ്യോഗസ്ഥൻമാരെ കാണാനും അവരെ കൈകാര്യം ചെയ്യാനുമുള്ള ആർജ്ജവം ഈ ഗവൺമെന്റിന് ഉണ്ടാകണം. അത്താഴപ്പട്ടിണിക്കാരന് വീടു വച്ചു കൊടുക്കാൻ കഴിയുന്നില്ല. ഒരു ഭാഗത്ത് വികസന പ്രവർത്തനങ്ങൾ വഴിമുട്ടി നിൽക്കുന്നു. ഹാച്ചറിയിൽ ഒരു കല്ല് ഇളകിയില്ല. 40 ലക്ഷം രൂപ കൊടുത്തു. ശ്രീ. സുഗതന് പറയാമോ അങ്ങനെയൊരു ഹാച്ചറി അവിടെയുണ്ടെന്ന്. ഈ ആനുകൂല്യങ്ങൾ കിട്ടാൻ, വികസന പ്രവർത്തനങ്ങൾ അനുവദിപ്പിക്കാൻ ഈ സർക്കാർ തയ്യാറാകണം. ഇക്കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ ഒരു വാക്കുപറഞ്ഞത് എന്റെ മനസ്സിനെ സ്പർശിക്കുകയുണ്ടായി . ഡിമാൻഡ് ചർച്ചപോലെയാണ് ഇവിടെ നടന്നത് വാസ്തവത്തിൽ ഒരു ശ്രദ്ധക്ഷണിക്കലിന് ഇത്രയും സംസാരിച്ചിട്ടുള്ള ഒരു ചരിത്രമുണ്ടോയെന്ന് എനിക്ക് തോന്നുന്നില്ല. അദ്ദേഹം പറഞ്ഞത് കടപ്പുറത്തെ തീവ്രവാദികളുടെ കയ്യിലേൽപ്പിച്ചു കൊടുക്കരുതെന്നുള്ള വാചകമാണ്. എന്നാൽ ശ്രീ. ടി. കെ. ദേവകുമാറിനോട് എനിക്കു പറയാനുള്ളത് സുനാമി പ്രവർത്തനത്തിൽ എത്രയോ സുതാര്യമായ സേവനമാണ് ഗവൺമെന്റ് കാഴ്ചവച്ചത്. ആ രംഗത്ത് ഒന്നും നടന്നില്ല, ഒന്നും നടന്നില്ല എന്നുപറഞ്ഞുകൊണ്ട് ജനങ്ങളുടെയിടയിൽ പരിഭ്രാന്തിയുണ്ടാക്കുന്നതിനുവേണ്ടിയുള്ള ഇത്തരം പ്രസംഗങ്ങളായിരിക്കും

LIBRARY ARCHIVES Kerala Legislative Assembly

തീവ്രവാദികളുടെ കൈകളിലേയ്ക്ക് കടപ്പുറത്തെ എറിഞ്ഞു കൊടുക്കാൻ സഹായിക്കുന്നതെന്ന് ബഹുമാനപ്പെട്ട ടി. കെ. ദേവകുമാറിനോട് ഞാൻ പറയുകയാണ്. ഗവൺമെന്റ് ചെയ്തതൊന്ന് അംഗീകരിക്കണ്ടേ? അതല്ലാതെ ഇങ്ങനെ പരത്തി ഒന്നും ചെയ്തില്ല എന്നുപറഞ്ഞിട്ടെന്തു കാര്യമാണ്? ഏതെങ്കിലും ഒരു പ്രധാനപ്പെട്ട കാര്യത്തെ സംബന്ധിച്ചാണ് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കേണ്ടത്. ഇത് സൂര്യന്റെ കീഴിലുള്ള മുഴുവൻ കാര്യങ്ങൾ, സുനാമി എന്നുപറഞ്ഞിട്ട് ഇവിടെ നിരത്തിയിരിക്കുകയാണ്. ഏതായാലും അങ്ങു പറഞ്ഞ പ്രധാനപ്പെട്ട ചില കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കാം. ഇവിടെ 40 ലക്ഷം രൂപ മാവേലി ഹാച്ചറിക്ക് കൊടുത്തുവെന്നു പറഞ്ഞു. അത് ആരാണെന്ന് എനിക്കറിയില്ല. ഗവൺമെന്റിലെ ഉദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു സമിതി അനർഹമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം. ഇങ്ങനെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാൽ ഗവൺമെന്റ് അന്വേഷിക്കാം. അതുകൊണ്ട് മുഖവിലയ്ക്ക് അത് എടുക്കുന്നില്ല. തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായും അത് തിരുത്താം. അതിൽ യാതൊരു സംശയവുമില്ല. ഇവിടെ കടലിൽ ഘടനാപരമായ മാറ്റമുണ്ടായി എന്ന് ശ്രീ. ടി. കെ. ദേവകുമാർ പറയുകയുണ്ടായി. ഘടനാപരമായ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും നമുക്ക് ശാസ്ത്രജ്ഞന്മാരുടെ ഒരു കമ്മിറ്റിയുണ്ട്, ആ കമ്മിറ്റിയെക്കൊണ്ട് അത് പരിശോധിപ്പിക്കാം, അതുസംബന്ധിച്ച് ആവശ്യമായ റിപ്പോർട്ട് വരുത്താം, നടപടികൾ സ്വീകരിക്കാം. മുൻകരുതലുകളെന്തെങ്കിലും എടുക്കാനുണ്ടെങ്കിൽ ചെയ്യാം. ഞാൻ അതിന്റെ എക്സ്പെർട്ടല്ല. ഏതായാലും ആ കാര്യങ്ങൾ കമ്മിറ്റിക്ക് വിടാൻ കഴിയും. ഇവിടെ ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ പ്രധാനമായും infrastructure രംഗത്തുള്ള പോരായ്മകളെ സംബന്ധിച്ചാണ് പറഞ്ഞത്. പി.ഡബ്ലിയു.ഡി. ഒന്നും ചെയ്യുന്നില്ല എന്നുപറഞ്ഞു. എ.എസ്. കൊടുത്തോ, പണി കൊടുത്തോ, സാങ്ഷൻ കൊടുത്തോ ഇതാണ് അങ്ങയുടെ മുഴുവൻ ചോദ്യങ്ങളും പി.ഡബ്ലിയു.ഡി.-യെ സംബന്ധിച്ചും വാട്ടർ അതോറിറ്റിയെ സംബന്ധിച്ചും ഫിഷറീസിനെ സംബന്ധിച്ചുമെല്ലാമുള്ള അങ്ങയുടെ കുറ്റങ്ങൾ ഇതാണ്. ഞാനത് പറയാം, ശാന്തമായി കേൾക്കണം. കൊച്ചി ജെട്ടിപാലത്തിന് എ.എസ്.-ഉം ടി.എസ്.-ഉം കൊടുത്തു. ആയിരംതെങ്ങിലേതിന് ടെണ്ടർ ഉറപ്പിച്ചു കഴിഞ്ഞു. ഈ ഏപ്രിൽ മാസം ആദ്യവാരത്തിൽ ഇതുരണ്ടും ഉദ്ഘാടനം ചെയ്യാൻ പോവുകയാണെന്ന് പി.ഡബ്ലിയു.ഡി. മിനിസ്റ്റർ എന്നോട് ഇപ്പോൾ സംസാരിച്ചുകഴിഞ്ഞു. അതിന്റെ ടെണ്ടർ ഉറപ്പിച്ചുകഴിഞ്ഞു. തൃക്കുന്നപ്പുഴ-അഴീക്കൽ റോഡ് 115 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റെഡിയായിരിക്കുന്നു. 16 പഞ്ചായത്ത് റോഡിന്റെ നിർമ്മാണത്തിന് എസ്റ്റിമേറ്റ് റെഡിയായിരിക്കുന്നു. ആലപ്പാട് പഞ്ചായത്തിലെ പി.ഡബ്ലിയു.ഡി. റോഡ് നന്നാക്കാൻ 17-3-2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽക്കൂടിയ ഹൈലവൽ കമ്മിറ്റി തീരുമാനമെടുത്തു. ആലപ്പുഴയിലെ അന്ധകാരനഴി-മൂർത്തിക്കൽ റോഡിന് 47 ലക്ഷം രൂപയുടെ എ.എസ്. കൊടുത്തു. 19th May-ൽ A. A. Road to Andhakaranazhi 50 ലക്ഷം രൂപയുടെ എ.എസ്. കൊടുത്തു. അതുപോലെ അന്ധകാരനഴി വളയിൽ-കൊഴിച്ചൽ-തുറവൂർ റോഡിന് 19.5 ലക്ഷം രൂപയുടെ എ.എസ്. കൊടുത്തു. എറണാകുളത്തെ തീരദേശ റോഡ്

LIBRARY ARCHIVES Kerala Legislative Assembly

നന്നാക്കുവാൻ 3.56 കോടി രൂപയുടെ എ.എസ്. കൊടുത്തു. അപ്പോൾ പി.ഡബ്ലിയു.ഡി. ഇതിനോടകം തന്നെ എത്രയോ രൂപയ്ക്ക് എ.എസ്. കൊടുത്തുകഴിഞ്ഞിരിക്കുന്നു, നിർമ്മാണം ആരംഭിച്ചിരിക്കുന്നു. കടൽഭിത്തി നിർമ്മാണത്തെപ്പറ്റി ശ്രീ. ടി. കെ. ദേവകുമാർ ഒന്നും നടക്കുന്നില്ല എന്നുപറഞ്ഞു. അതിന് എ.എസ്. കൊടുത്തോയെന്ന് ചോദിക്കുകയുണ്ടായി. കടൽഭിത്തി നിർമ്മാണ രംഗത്ത് 9 കോടി 40 ലക്ഷം രൂപയ്ക്ക് ജയന്തി കോളനിയിൽ 350 മീറ്റർ കടൽഭിത്തി നിർമ്മിക്കാൻ സാങ്ഷൻ കൊടുത്തു. ചെറിയഴീക്കലിൽ 120 മീറ്ററിന് സാങ്ഷൻ കൊടുത്തു. അന്ധകാരനഴിയിൽ 1000 മീറ്റർ നിർമ്മിക്കാൻ സാങ്ഷൻ കൊടുത്തു. തറയിൽക്കടവ് 2000 മീറ്റർ നിർമ്മിക്കാൻ സാങ്ഷൻ കൊടുത്തു. ഒറ്റമശ്ശേരി പട്ടണക്കടവ് 500 മീറ്റർ കടൽഭിത്തി നിർമ്മിക്കാൻ സാങ്ഷൻ കൊടുത്തു. ആലപ്പുഴ ഡിസ്ട്രിക്ട് ഹോസ്പിറ്റലിനുസമീപം 438 മീറ്റർ നിർമ്മിക്കാൻ സാങ്ഷൻ കൊടുത്തു. അതുകൂടാതെ അന്ധകാരനഴി പൊഴിക്കുസമീപം 850 മീറ്ററിനുള്ള തീരുമാനമെടുത്തു. ഒറ്റമശ്ശേരി പൊഴിക്കു സമീപം 775 മീറ്റർ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുത്തു. ആറാട്ടുപുഴയിൽ 89 ലക്ഷം രൂപയ്ക്കുള്ള നിർമ്മാണത്തിന് revised A. S. കൊടുത്തു. ഇത്രയും വിപുലമായ പണികൾ, കടൽഭിത്തി നിർമ്മാണ രംഗത്ത് നടന്നിട്ടും ആലപ്പുഴക്കാരനായ ശ്രീ. ടി. കെ. ദേവകുമാർ ഇവിടെവന്ന് എന്തെങ്കിലും ചെയ്തോ എന്ന് ചോദിച്ചാൽ നിങ്ങൾ പകലിനെ ഇരുട്ടാക്കുകയല്ലേ മി. ദേവകുമാർ? ഇങ്ങനെ ഒരു നിയമസഭാവേദി നിങ്ങൾ ഉപയോഗിക്കാൻ പാടില്ല. പച്ചക്കള്ളംതന്നെ പറയുകയാണ്. വാട്ടർ സപ്ലൈയിൽ എന്തു നടന്നുവെന്ന് നിങ്ങൾ ചോദിച്ചു. ആലപ്പാട് ക്ലാപ്പന പദ്ധതിയുടെ Intake well-ന്റെ പണി നടക്കുന്നു. അത് ശ്രീ. ടി. കെ. ദേവകുമാറിന് അറിയാമോ? അവിടെനിന്നും ഓച്ചിറയിലേയ്ക്കുള്ള Pumping main-ന്റെ 16.7 കിലോമീറ്റർ പണി ടെണ്ടർ ചെയ്തുകഴിഞ്ഞിരിക്കുന്നു. ഓച്ചിറ Treatment Plant-ന്റെ പണി ടെണ്ടർ ചെയ്തുകഴിഞ്ഞു. Sump well-ന്റെ പണി പൂർത്തിയായി. കരുനാഗപ്പള്ളി പണ്ടാരത്തുരുത്ത് ട്രാൻസ്മിഷൻ ലൈനിന്റെ പണി ടെണ്ടർ ചെയ്തു. Overhead tank-ന്റെ പണി ടെണ്ടർ ചെയ്തു. ആലപ്പാട്ടും ക്ലാപ്പനയിലുമാണ് Overhead tank. ഈ ട്രാൻസ്മിഷൻ ലൈനുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരേണ്ട കാര്യമില്ലായിരുന്നു വെന്ന് ഇപ്പോൾ അങ്ങേയ്ക്ക് തോന്നുന്നുണ്ടായിരിക്കാം. ഇതിൽക്കൂടുതൽ ഏതെങ്കിലുമൊരു ഗവൺമെന്റിന് കൂടിവെള്ള രംഗത്ത് ചെയ്യാൻ പറ്റുമോ? ഇവിടെ ആശുപത്രിയുടെ കാര്യം പറഞ്ഞു. 75 ലക്ഷം രൂപ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ relief activity-ക്കു വേണ്ടി കൊടുത്തു. അതുകഴിഞ്ഞ് ആറാട്ടുപുഴയിൽ 10 ബെഡ്ഡുകളുള്ള ഒരു Inpatient section തുടങ്ങിക്കഴിഞ്ഞു. 5 മെഡിക്കൽ ഓഫീസർമാരെ അവിടെ പോസ്റ്റുചെയ്തു കഴിഞ്ഞു. അവിടെ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. ഇതൊന്നും കണ്ടില്ലെന്ന് ശ്രീ. ടി. കെ. ദേവകുമാർ നടിച്ചാൽ എന്ത് കഷ്ടമാണെന്നുമാത്രമേ എനിക്ക് ചോദിക്കാനുള്ളൂ. അഴീക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. 98 കോടി രൂപയ്ക്കുള്ള മെമ്മോറാണ്ടം കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കൊടുത്തിരിക്കുകയാണ്. ഫിഷറീസ് സെക്ടറിൽ എന്തുചെയ്തുവെന്ന് ചോദിച്ചു. ഫിഷറീസ് സെക്ടറിൽ വലയ്ക്ക് 20 കോടി രൂപ നഷ്ടമുണ്ടായി. വള്ളം, ബോട്ട് ഈ വകയിൽ 58 കോടി രൂപയുടെ നഷ്ടമുണ്ടായി. മൊത്തം 79 കോടി രൂപയുടെ നഷ്ടമുണ്ടായി, അതിന് കേന്ദ്രഗവൺമെന്റിൽ മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. Fishing implements റിപ്പെയർ ചെയ്യാൻ ഈ ഗവൺമെന്റ് ചെയ്തതെന്താണ്? സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും 13.85 കോടി രൂപ Fishing implements റിപ്പെയർ ചെയ്യുന്നതിന് മത്സ്യഫെഡിന് കൊടുത്തു കഴിഞ്ഞു. വിദ്യാഭ്യാസാനുകൂല്യങ്ങൾ, വിധവാ പെൻഷൻ, ഇൻഷ്വറൻസ് എന്നിവയ്ക്കുവേണ്ടി 11.41 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഫിഷറീസ് ബോട്ടിനുവേണ്ടി 13.07 കോടി രൂപ കൊടുത്തുകഴിഞ്ഞു. ആകെ 38 കോടി രൂപ ഫിഷറീസിന് കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് സുനാമി റീഹാബിലിറ്റേഷനുവേണ്ടി 38 കോടി രൂപ കൊടുത്തു, ഇതൊന്നും അറിഞ്ഞില്ലേ ദേവനാരായണാ എന്നുപറഞ്ഞുകൊണ്ട് മി. ദേവകുമാർ ഇവിടെയിരിക്കുന്നത് കാണുമ്പോൾ സങ്കടം തോന്നുകയാണ്. ഒന്നുകിൽ അറിഞ്ഞുകൂടാത്തതാണോ അതോ അറിഞ്ഞിട്ടും മൂടിവയ്ക്കുകയാണോ എന്ന് എനിക്കറിയില്ല. സമ്പാദ്യ സമാശ്വാസ പദ്ധതിയിലെ തൊഴിലാളികളുടെ വിഹിതം വേണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെട്ടു. 87 ലക്ഷം രൂപ സർക്കാർ കൊടുത്തു. 9 ജില്ലാ തീരപ്രദേശങ്ങൾക്കായി ആകെ 11 കോടി രൂപയ്ക്ക് റേഷൻ കൊടുത്തു, ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയാണ്. ശ്രീ. ടി. കെ. ദേവകുമാർ വാസ്തവത്തിൽ ഇത് അവതരിപ്പിച്ചത് നന്നായി. സുനാമി ഒരു ഡിമാൻഡ് ചർച്ചയായി ഇന്ന് മാറുകയുണ്ടായി ഞാനതിന് നന്ദി പറയുകയാണ്. എവിടെ ഫണ്ട് എന്നുചോദിച്ചു. കേന്ദ്രത്തിൽ നിന്നും 100 കോടി രൂപ കിട്ടി. അതിന് കണക്ക് വയ്ക്കാമോയെന്ന് ചോദിച്ചു. മി. ദേവകുമാർ കേൾക്കണം, 100 കോടി രൂപയിൽ 50 കോടി രൂപ ജില്ലാ കളക്ടർമാർക്ക് വിതരണം ചെയ്തു. അവർ അവിടെ ആവശ്യമുള്ള ഓരോ കാര്യങ്ങൾക്കും വേണ്ടി അത് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. 38 കോടി രൂപ ഫിഷറീസിന് കൊടുത്തു. വീടിന് 54 ലക്ഷം രൂപ കൊടുത്തു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന് 20 ലക്ഷം രൂപ കൊടുത്തു. എറണാകുളത്ത് ലാൻഡ് വാങ്ങാൻ 90 ലക്ഷം രൂപ കൊടുത്തു. ആലപ്പുഴ ലാൻഡ് വാങ്ങാൻ 96 ലക്ഷം രൂപ കൊടുത്തു. ആകെ 96 കോടി രൂപ ചെലവഴിക്കപ്പെട്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് തന്ന 100 കോടി രൂപയിലുള്ളത് ബാക്കി 4 കോടി രൂപയാണ്. സി.എം.ഡി.ആർ.എഫ്.-ൽ ബാക്കി കുറെ കടമുണ്ട്. അതുപോലെ വീട് പോയതിന് എന്തെങ്കിലും കണക്കുണ്ടോയെന്ന് മി. ദേവകുമാർ ചോദിച്ചു. വീടു പോയതിന് കണക്കുണ്ട്. Fully damaged 2919, Major repair 3059, Minor repair 7066. ആകെ 13,044 ആണ്.

29 വോളന്ററി ഏജൻസികൾക്കായിട്ട് മുവ്വായിരത്തോളം വീടുകളുടെ പണി ഞങ്ങൾ വീതിച്ചു കൊടുത്തു. അവർ നിർമ്മാണം ആരംഭിക്കുകയാണ്. വീടു പണിയാൻ വേണ്ടി ലാന്റ് ആവശ്യമായിട്ടുള്ളത് 3289 പേർക്കാണ്. അതിൽ 1204 പേർക്ക് ലാന്റ് ഉണ്ട്. ബാക്കി 1085 പേർക്ക് വീടു പണിയാൻ ലാന്റ് കണ്ടെത്തേണ്ടതായിട്ടുണ്ട്. അതിന് 43 ഏക്കർ സ്ഥലം വേണം. അതിൽ 18 ഏക്കർ ഇപ്പോൾ തന്നെ നെഗോഷ്യേറ്റു ചെയ്തു കഴിഞ്ഞു. ബാക്കി ലാന്റ് എടുക്കുകയാണ്. നിർമ്മാണം പുരോഗമിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിനനുസരിച്ച് ലാന്റും എടുത്തുകൊണ്ട് ഗവൺമെന്റ് സൈമൾട്ടേനിയസ്സായിട്ട് മുന്നോട്ടു നീങ്ങുകയാണ്. നിർമ്മാണം ഉടനെ ആരംഭിക്കുന്നു. റിലീഫ് ക്യാമ്പുകളിൽ ടെമ്പററി ഷെൽട്ടേഴ്സ് ഇതിനകം പൂർത്തിയായിട്ടുണ്ട്. എറണാകുളത്ത് ടെമ്പററി ഷെൽട്ടേഴ്സ് ആവശ്യമായി വന്നില്ല. ഓരോ കുടുംബത്തിനും 7,500 രൂപ വീതം കൊടുത്തതുകൊണ്ട് ടെമ്പററി ഷെൽട്ടേഴ്സ് ആവശ്യമായി വന്നില്ല. ആലപ്പുഴയിൽ 16 ഷെൽറ്ററുകളിലായി 399 ക്യൂബിക്കിളുകൾ തീർത്ത് അതിലേയ്ക്ക് ആളുകൾ മാറിയിട്ടുണ്ട്. കൊല്ലത്ത് 432 ഷെൽറ്ററുകൾ കംപ്ലീറ്റു ചെയ്തു. അതിലേയ്ക്ക് ആളുകൾ മാറിയിട്ടുണ്ട്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 856 വീടുകൾ അലോട്ടു ചെയ്തു കൊടുത്തു. അതിൽ 110 എണ്ണം തീർന്നിട്ടുണ്ട്. മൊത്തത്തിൽ 941 ടെമ്പററി ഷെൽട്ടേഴ്സ് തീർന്നിട്ടുണ്ട്. ആളുകളെ ആ ടെമ്പററി ഷെൽട്ടേഴ്സിലേയ്ക്ക് താമസം മാറ്റുകയും ചെയ്തിട്ടുണ്ട്. മാർച്ച് 31-നകം ടെമ്പററി ഷെൽട്ടേഴ്സിന്റെ പണി മുഴുവൻ പൂർത്തിയാക്കി മാർച്ച് 31-നകം ആ ഫെയ്സ് തീർക്കാൻ പോകുകയാണ്. ഇതിനിടയ്ക്ക് 941 വീടുകൾ തീർന്നു. മാർച്ച് 31-നകം മുഴുവൻ തീരും. ആ ഫെയ്സ് തീർന്നു കഴിഞ്ഞിട്ടില്ല. ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ പെർമനന്റായിട്ടുള്ള കെട്ടിട നിർമ്മാണത്തിലേയ്ക്ക് നമ്മൾ കടക്കുന്നു. കെട്ടിട നിർമ്മാണത്തിന്റെ മുഴുവൻ ഡിസൈനും സംബന്ധിച്ച് എത്രയോ ചർച്ചകൾ നടന്നു, എന്തെല്ലാം ബുദ്ധിമുട്ടുകൾ ഉണ്ടായി. ആദ്യം ഒരു ഡിസൈൻ ഗവൺമെന്റ് അംഗീകരിച്ചു, ഉടനെ അങ്ങനെ പോരായെന്നും പറഞ്ഞ് അവിടെ പ്രക്ഷോഭണമായി. അപ്പോൾ വേറൊരു ഡിസൈൻ വരും. നാട്ടുകാരുടെ പ്രക്ഷോഭണങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും. ഉയർന്നു വരുമ്പോൾ ഗവൺമെന്റിന്റെ ഓരോ തീരുമാനവും അഴിക്കേണ്ടതായി വന്നു. ടൈപ്പ് ഡിസൈനിംഗിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഡിസൈൻ മാറ്റണം, രണ്ടാം നിലയിൽ ബെഡ്റൂം വേണമെന്ന് പറഞ്ഞു. ഞങ്ങൾ ശാസ്ത്രജ്ഞന്മാരെ വിളിച്ചിരുത്തി പല റൗണ്ട് ചർച്ചകൾ നടത്തിയതിനുശേഷം രണ്ടാം നിലയ്ക്ക് ഒരു പ്രൊവിഷൻ വച്ചു. രണ്ടാം നിലയിൽ ഒരു ബെഡ്റൂം, ഒരു ടോയ്ലെറ്റ് താഴത്തെ നിലയിൽ ബെഡ്റൂം, ടോയ്ലെറ്റ്, ഡ്രായിംഗ് റൂം, കിച്ചൺ. ഇതെല്ലാം സജ്ജമാക്കിക്കൊണ്ട് അതിന്റെ ടൈപ്പ് ഡിസൈൻ മുഴുവൻ പൂർത്തിയായി എല്ലാവരേയും ഏൽപ്പിച്ചു കഴിഞ്ഞിരിക്കുന്നു. പണി ഉടനെ തുടങ്ങുവാൻ പോകുകയാണ്. ഗവൺമെന്റ് റേഷൻ കൊടുക്കേണ്ടിടത്ത് റേഷൻ കൊടുത്തു, ഭൂമി കൊടുക്കേണ്ടിടത്ത് ഭൂമി കൊടുക്കുന്നു. താൽക്കാലിക വസതി ഒരുക്കേണ്ടിടത്ത് അതു ഒരുക്കുന്നു. സ്ഥിരമായി വസതി ഒരുക്കിക്കൊടുക്കുന്നു. ഇതിൽ കൂടുതൽ മാതൃകാപരമായി ഏതെങ്കിലുമൊരു ഗവൺമെന്റിന് പ്രവർത്തിക്കാൻ കഴിയുമോ? മനുഷ്യ സാധ്യമായ മുഴുവൻ കാര്യങ്ങളും ചെയ്തിട്ടുണ്ട്. എന്നിട്ടും ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽക്കൂടി കാതടച്ച് വെടിവച്ചുകൊണ്ട് ഈ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്നുള്ള നിഷേധാത്മകമായ നിലപാട് ഒരിക്കലും ഒരു മെമ്പറും എടുക്കാൻ പാടില്ല. ശരിയായി ചെയ്തത് ശരിയാണെന്നു പറയണം. ഗവൺമെന്റിനെ അനുമോദിക്കണം, അഭിനന്ദിക്കണം, ഗവൺമെന്റിന് പിൻബലം കൊടുക്കണം. പിന്തുണ കൊടുക്കണം അല്ലാതെ ഇങ്ങനെയുള്ള വിപ്ലവ പ്രസംഗങ്ങൾ നടത്തുന്നത് ആളുകളിൽ തെറ്റിദ്ധാരണയുണ്ടാക്കുകയും പരിഭ്രാന്തി സൃഷ്ടിക്കുകയും ചെയ്യും. ശ്രീ. ടി.കെ. ദേവകുമാറിന്റെ പേരിൽ തന്നെ ഒരു ആത്മീയതയുണ്ട്. ദേവകുമാർ എന്നു കേൾക്കുമ്പോൾ തന്നെ എനിക്ക് വലിയ റെസ്പക്ടാണ്. പക്ഷേ ഈ നിയമസഭയ്ക്ക് അകത്ത് പറയാൻ പാടുള്ളതും

പാടില്ലാത്തതുമായ കാര്യങ്ങൾ ഇങ്ങനെ പറയുമ്പോൾ എനിക്കു വലിയ പ്രയാസമാണ് തോന്നുന്നത്. നമുക്ക് ഒരുമിച്ചു പോകാം. പ്രതിപക്ഷങ്ങളുടെ സഹകരണത്തിന് ഞാൻ നന്ദി പറയുന്നു. ശ്രീ. വി.എസ്. അച്ചുതാനന്ദൻ കുറച്ചു വീടുകളുടെ കാര്യം പറഞ്ഞു. അതിനോടു ഞാൻ യോജിക്കുകയാണ്. രാഷ്ട്രീയത്തിനുപരിയായി ഒരു മാനുഷിക പ്രശ്നമെന്നുള്ള നിലയ്ക്ക്, ഈ പ്രശ്നത്തിന് പരിഹാരം കാണാൻ നമുക്ക് ഒരുമിച്ചു മുന്നോട്ടു നീങ്ങാമെന്നു മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ ശ്രദ്ധക്ഷണിക്കൽ എഴുതിക്കൊടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നും ശ്രദ്ധക്ഷണിക്കാനാണ്. എന്നെക്കുറിച്ച് പറഞ്ഞ ഒരു വാക്ക് ഞാൻ പിൻവലിക്കണ്ട എന്നു പറഞ്ഞത് തിരിച്ച് എനിക്ക് അങ്ങനെ പ്രയോഗിക്കാൻ വേണ്ടിയാണ്. കാരണം ഞാൻ കള്ളമാണ് പറയുന്നതെന്നു പറഞ്ഞാൽ അതിനു കള്ളൻ എന്നൊരു അർത്ഥമുണ്ട് മലയാള ഭാഷയിൽ. പച്ചക്കള്ളം മാത്രം സഭയിൽ പറയാൻ തഴക്കവും പഴക്കവും ശീലിച്ചിരിക്കുന്ന ശ്രീ. കെ.എം. മാണിയിൽ നിന്നും മറുപടി കിട്ടണ്ട എന്നു ആവശ്യപ്പെട്ടത് അതുകൊണ്ടു തന്നെയാണ്. തമാശയായി ഞാൻ കേട്ടിരുന്നു. ധനകാര്യമന്ത്രിയായിരുന്നപ്പോൾ ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് മിച്ചമാണെന്ന് ശ്രീ.കെ.എം. മാണി മാത്രം പറയുകയും, കേരളം മുഴുവൻ അതു കമ്മിയാണെന്നും പറഞ്ഞ ആ മാണിസാറിൽ നിന്നും സത്യം കിട്ടില്ല എന്നുള്ളതുകൊണ്ടു തന്നെയാണ് ഞാൻ മുഖ്യമന്ത്രിക്ക് ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊടുത്തത്. ഞാൻ പറയാത്ത കാര്യമാണ് അദ്ദേഹം വിശദീകരിച്ചത്. ഞാൻ 5-1-2005-ന് മുഖ്യമന്ത്രിക്കു കൊടുത്ത മെമ്മോറാണ്ടത്തിൽ സുനാമി ബാധിത പഞ്ചായത്തുകളുടെ പദ്ധതി തുടങ്ങാൻ അവർക്ക് മൂന്നു മാസം നീട്ടിക്കൊടുക്കണമെന്നു പറഞ്ഞു കൊടുത്ത അഭ്യർത്ഥനയിൽ ഇന്നുവരെ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. ട്രഷറി ബാനിൽനിന്നും ഈ പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗം ഒഴിവാക്കണമെന്ന് പറഞ്ഞതിൽ ഒന്നും ചെയ്തിട്ടില്ല. അത് ചെയ്യണമെന്നാണ് ഞാൻ ആദ്യമായി ആവശ്യപ്പെട്ടത്. അതിനെക്കുറിച്ച് ശ്രീ. മാണി സാർ ഒന്നും പറഞ്ഞില്ല. മന്ത്രിയുടെ മണ്ഡലത്തിലെ കരിങ്കൽ ഭിത്തിയെക്കുറിച്ചു പറഞ്ഞു. ഞാൻ ചോദ്യത്തിലേയ്ക്കുവരുന്നു. ഞാൻ അവതരിപ്പിച്ച മുഴുവൻ വിഷയങ്ങളും ബഹുമാനപ്പെട്ട മാണി സാറിനെ പ്രതിക്കൂട്ടിൽ നിർത്തിക്കൊണ്ട് പത്ര സമ്മേളനം നടത്താം, എന്റെ പേരിൽ കേസ് കൊടുത്തുകൊണ്ട്, മാനനഷ്ടത്തിന് കേസ് കൊടുക്കാൻ മാണി സാർ തയ്യാറുണ്ടോ എന്നുള്ള ഒറ്റ ചോദ്യമാണ് ചോദിക്കുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ശ്രീ. ടി. കെ. ദേവകുമാർ എന്തു തന്നെ നിയമസഭയ്ക്കു പുറത്തു വച്ചു എനിക്കെതിരായി പറഞ്ഞാലും ഞാൻ കേസ് കൊടുക്കുന്ന പ്രശ്നമേയില്ല. ഞാൻ അങ്ങു പച്ചക്കള്ളം പറയുന്നു എന്നു പറഞ്ഞത് ഒരു ഫിഗറേറ്റീവായിട്ടു പറഞ്ഞതാണ്. അതിൽ അങ്ങേയ്ക്കു വേദനയുണ്ടായിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. പച്ചക്കള്ളമെന്നു പറയുന്നത് പാർലമെന്ററിയല്ല. ഞാൻ പിൻവലിക്കുന്നു. അടിസ്ഥാനരഹിതവും അവാസ്തവവുമായ പ്രസ്താവനകൾ ഇവിടെ നടത്തുകയുണ്ടായി. അതിൽ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ ക്ഷമിക്കണം. പച്ചക്കള്ളം എന്നു പറഞ്ഞത് ആ രീതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly